ധികം തുടരാനുള്ള അനുമതി നൽകിയിട്ടില്ല. ഇപ്രകാരം തുടരുമ്പോൾ നിയമനം റഗുലറൈസ് ചെയ്യണമെന്ന ആവശ്യം ഉന്നയിക്കുകയില്ല എന്ന് എഴുതി വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

3. പാരാമെഡിക്കൽ ജീവനക്കാരെ ഇപ്രകാരം 2 മാസം കഴിഞ്ഞ് രണ്ട് ദിവസം ബ്രേക്ക് എന്ന നിബന്ധനയിൽ 1 വർഷം വരെ നിയമിക്കാമെന്നും സെക്യൂരിറ്റി ജീവനക്കാരെ ഇപ്രകാരം 6 മാസം വരെ നിയമിക്കാമെന്നും നിബന്ധനയുണ്ട്.

4. സർക്കാർ അപ്പപ്പോൾ നിശ്ചയിക്കുന്നതനുസരിച്ചുള്ള ദിവസക്കൂലി വേതനം ഈ ജീവനക്കാർക്ക് നൽകണമെന്നും ഇപ്രകാരം നിയമിക്കപ്പെടുന്ന ജീവനക്കാരുടെ ശമ്പളം എച്ച്.ഡി.സി.യുടെ മൊത്തം വരുമാനത്തിന്റെ 35% മേ ആകാവൂ എന്നും നിജപ്പെടുത്തിയിട്ടുണ്ട്.

(ഡി) കമ്മിറ്റികളുടെ നിയമനവും ചെലവുകളും സുതാര്യമാണെന്ന് ഉറപ്പാക്കുവാൻ വേണ്ടിയാണ് ഓഡിറ്റ് ഏർപ്പെടുത്തിയിരിക്കുന്നത്.

135 (2321) ജനസംഖ്യാ നിയന്ത്രണ പദ്ധതി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനസംഖ്യാ നിയന്ത്രണ പദ്ധതിക്ക് കൂടുതൽ ഫണ്ട് അനുവദിച്ച് കിട്ടുന്നതിനായി കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ജനസംഖ്യാ നിയന്ത്രണത്തിന് സംസ്ഥാനം നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണ്; ഇതിന് എത്ര കോടി രൂപയുടെ പദ്ധതിയാണിപ്പോൾ ഉള്ളത്; ഇതിനകം എന്ത് തുക ചെലവഴിച്ചു;

(സി) ഓരോ കൊല്ലവും ജനസംഖ്യാ നിയന്ത്രണ പദ്ധതിക്കുവേണ്ടി സംസ്ഥാന ഗവൺമെന്റ് എത്ര തുകയാണ് കേന്ദ്രത്തോട് ആവശ്യപ്പെടുന്നത്; ഇതിൽ എത്ര കോടി വീതം ലഭിക്കുന്നുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ)-(സി) കുടുംബക്ഷേമ പദ്ധതിയിൽ ജനസംഖ്യാ നിയന്ത്രണം എന്ന പ്രത്യേക ഇനം ഇല്ല. കുടുംബക്ഷേമ പദ്ധതികൾക്കായി കഴിഞ്ഞ മൂന്നു വർഷങ്ങളിൽ കേന്ദ്രത്തിൽനിന്നും റിലീസ് ചെയ്ത തുക ചുവടെ ചേർക്കുന്നു.

1996-97	-	2454.89 ലക്ഷം
1997-98	-	2981.45 ലക്ഷം
1998-99	-	3844.74 ലക്ഷം

136 (2322) ഡോക്ടർമാരില്ലാത്ത ആശുപത്രികൾ

ശ്രീ. എ.കെ. മണി :

ശ്രീമതി രാധാ രാഘവൻ :

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly